**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4357** **18-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ എത്ര തൊഴിലവസരം സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ 1184 സ്ഥിരനിയമനങ്ങളും 55095 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 56279 തൊഴിൽ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മേഖലയിലാണ് ഈ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതെന്ന വിശദാംശം ലഭ്യമാക്കാമോ? | (ബി) | സഹകരണ മേഖലയിൽ സഹകരണ വകുപ്പിലെ 200 സ്ഥിരനിയമനങ്ങളും, കേരള ബാങ്കിലെ 13 സ്ഥിരനിയമനങ്ങളും, സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 971 നിയമനങ്ങളും ഉൾപ്പെടെ ആകെ 1184 സ്ഥിരം തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കേരള ബാങ്ക് മുഖേന വിവിധ വായ്പാ പദ്ധതികൾ മുഖാന്തിരം 38645 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അപെക്സ് ഫെഡറേഷനുകൾ വഴി 41 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന വായ്പ പദ്ധതികൾ മുഖാന്തിരം 16409 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. ഇപ്രകാരം ആകെ 55095 തൊഴിലവസരങ്ങൾസൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ